യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 93 കോടി രൂപയും വ്യക്തിപരമായി പ്രോസസ്സിംഗ് മെഷീനുകൾ വാങ്ങുന്നതിനായി 50 ശതമാനം സബ്സിഡി നിരക്കിൽ 84 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ 25 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കാർഷികോൽപ്പാദനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെയെല്ലാം ഏകോപനവും FPO-കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റ് നിർമ്മാണം

82 (4470) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിൽ നിന്നും മറ്റ് ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. വാഴയില ഉപയോഗിച്ചുള്ള പ്ലേറ്റുകൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

### കൃഷി വകുപ്പിലെ പരിശോധന സംവിധാനങ്ങൾ

83 (4471) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ്, വളം, കീടനാശിനി എന്നിവയുടെ പരിശോധനയ്ക്കായി കൃഷിവകുപ്പിന്റെ കീഴിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് കൃഷിവകുപ്പിന് കീഴിൽ 14 ജില്ലാ മണ്ണ് പരിശോധനാ ശാലകളും തിരുവനന്തപുരത്തെ കേന്ദ്ര മണ്ണ് പരിശോധന ശാലയും ഉൾപ്പെടെ 15 സ്ഥാവര മണ്ണ് പരിശോധനാശാലകളുണ്ട്. നിലവിൽ 11 സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലകളും, മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പിന് കീഴിൽ 7 മണ്ണ് പരിശോധനാശാലകളുമുണ്ട്. സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന രാസവളങ്ങളുടെ പരിശോധന നടത്തുന്നതിനായി താഴെ പറയുന്ന 3 ഗുണപരിശോധനാശാലകൾ കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

1. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം.
2. ഫെർട്ടിലൈസർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്.
3. ബയോഫെർട്ടിലൈസർ ആൻഡ് ഓർഗാനിക് മാനവർ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, പട്ടാമ്പി, പാലക്കാട്.

ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ ഗുണപരിശോധന നടത്തുന്നുണ്ട്. സംസ്ഥാനത്ത് പ്രതിവർഷം 5000 വളം സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കൃഷിവകുപ്പിന് കീഴിൽ സ്റ്റേറ്റ് പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറി, പാറോട്ടുകോണം, തിരുവനന്തപുരം ആണ് നിലവിലുള്ളത്. ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ കൃഷി ഓഫീസർമാർ കീടനാശിനി ഡിപ്പോകളിൽനിന്ന് സാമ്പിളുകൾ ശേഖരിച്ച് മേല്പറഞ്ഞ ലബോറട്ടറിയിൽ പരിശോധനയ്ക്കയയ്ക്കുന്നു. പ്രതിവർഷം 2500 സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) പ്രസ്തുത സംവിധാനങ്ങളുടെ പോരായ്മ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ പരിഷ്കാരങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(സി) ആധുനിക സംവിധാനങ്ങളോടെയുള്ള മൊബൈൽ ലബോറട്ടറികൾ മുൻകൂട്ടി അറിയിപ്പ് നൽകി കൃഷിഭൂമികളിലെത്തി പരിശോധന നടത്താനുള്ള സംവിധാനം ഒരുക്കുന്ന കാര്യം പരിശോധിക്കുമോ?

പരിശോധിക്കുന്നതാണ്. ജില്ലകളിലെ മൊബൈൽ ലബോറട്ടറികൾ ജില്ലയിലെ എല്ലാ ഭാഗത്തും സന്ദർശിച്ച് മണ്ണ് പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly